**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **02-08-2021 - ൽ മറുപടിയ്ക്ക്**

**കീരനല്ലൂർ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | ഡെവലപ്മെൻറ് ഓഫ് കീരാനെല്ലൂർ പാർക്ക് ആസ് എ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന ടൂറിസം പദ്ധതിയ്ക്ക് 1.12 കോടി രൂപയുടെ ഭരണാനുമതി 22.08.2012 ൽ നൽകി ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) എന്ന ഏജൻസിയെ ടൂറിസം വകുപ്പ് നിയോഗിക്കുകയും 25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പദ്ധതി സ്ഥലം ജലസേചന വകുപ്പിന് കീഴിലായതിനാൽ ടി സ്ഥലത്തുള്ള ഉപയോഗാനുമതി ജി.ഒ (എം.എസ്) നം. 473/2015/റവ തീയതി 19.09.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം 20.38 ആർ അഥവാ 52.8 സെൻറ് ഭൂമി ടൂറിസം വകുപ്പിന് ലഭിച്ചെങ്കിലും ആ സ്ഥലത്ത് നടപ്പാത മാത്രം നിർമ്മിക്കുവാനാണ് സാധിച്ചത്. ഇതനുസരിച്ച് FIT നടപ്പാത, ഹാൻറ് റെയിൽ , ലാന്റ് സ്കേപ്പിംഗ് എന്നീ പ്രവർത്തികൾ ഉൾപ്പെട്ട 91,77,680 (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുനൂറ്റി എൺപതു രൂപ) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതനുസരിച്ച് ആ പ്രവർത്തികൾ ആരംഭിക്കുവാൻ FIT യോട് നിർദ്ദേശിച്ചെങ്കിലും FIT പ്രവർത്തികൾ ആരംഭിച്ചില്ല. ഭരണാനുമതി നൽകി 8 വർഷത്തിലധികമായിട്ടും പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കുവാനായി വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ നൽകിയ ശുപാർശ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ